**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2091** **01-09-2022 - ൽ മറുപടിയ്ക്ക്**

**കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയുടെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയുടെ പുതിയ കെട്ടിട നിർമാണത്തിന് അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് അറിയിക്കാമോ; | (എ) | കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണത്തിന് രണ്ട് ഘട്ടങ്ങളിലായിട്ടാണ് തുക അനുവദിച്ചി ട്ടുള്ളത്. ആദ്യ ഘട്ടത്തിൽ 4.50 കോടി രൂപയും രണ്ടാം ഘട്ടത്തിൽ 10.30 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കെട്ടിട നിർമാണത്തിന്റെ നിലവിലെ പുരോഗതി അറിയിക്കാമോ; പ്രസ്തുത നിർമാണം എന്നത്തേക്ക് പൂർത്തിയാക്കി പൊതുജനത്തിന് തുറന്നുകൊടുക്കാനാകുമെന്ന് അറിയിക്കാമോ; | (ബി) | നിലവിൽ കെട്ടിടത്തിന്റെ 75% നിർമ്മാണ പ്രവർത്തനവും പൂർത്തിയായിട്ടുണ്ട്. ഫയർ ആന്റ് സേഫ്റ്റി ജോലികൾ, ഡ്രയിനേജ് സംബന്ധമായ നിർമ്മാണ പ്രവർത്തനങ്ങൾ, വാട്ടർ സ്റ്റോറേജ് സപ്ലൈ തുടങ്ങിയ ജോലികളും ഒ.പി ഡിപ്പാർട്ടുമെന്റിന്റെ പാർട്ടീഷനും പൂർത്തിയാക്കേണ്ടതുണ്ട്. ടി പ്രവർത്തനങ്ങൾ പൂർത്തി യാകുന്ന മുറയ്ക്ക് കെട്ടിടം പൊതു ജനത്തിന് തുറന്നു കൊടുക്കുവാൻ സാധിക്കുന്നതാണ് |
| (സി) | പ്രസ്തുത ആശുപത്രിക്കായി നാഷണൽ ഹെൽത്ത് മിഷൻ മുഖേന അനുവദിച്ച തുകയുടെ വിശദാംശം നൽകാമോ? | (സി) | പ്രസ്തുത സ്ഥാപനത്തിൽ എൻ.എച്ച്.എം മുഖേന അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. ആർദ്രം ഒ.പി.ഡി പരിവർത്തന പ്രവർത്തികൾ (2020-21) അനുവദിച്ച ഫണ്ട് - 76.72 ലക്ഷം<br><br>2. ആർദ്രം ഒ.പി.ഡി പരിവർത്തന പ്രവർത്തികൾ (2020-21) അനുവദിച്ച ഫണ്ട് - 1 കോടി<br><br>3. എൻ.എച്ച്.എം ആർ.ഒ.പി 2022-23 പ്രകാരം കണ്ണ് ഓപ്പറേഷൻ തിയേറ്ററും വാർഡും നിർമ്മാണത്തിന് അനുവദിച്ച ഫണ്ട് - 1 കോടി |

സെക്ഷൻ ഓഫീസർ